ഉത്തരം

(എ) ഉണ്ട്.

(ബി) നടപ്പുവർഷം സഹകരണമേഖലയിൽ വടകരയിൽ ഒരു എഞ്ചിനീയറിംഗ് കോളേജും ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പത്തനംതിട്ടയിൽ എഞ്ചിനീയറിംഗ് കോളേജും കണ്ണൂർ ജില്ലയിൽ പട്ടുവത്ത് ഒരു അപ്ലൈഡ് സയൻസ് കോളേജും സ്വാശ്രയ അടിസ്ഥാനത്തിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) എ.ഐ.സി.റ്റി.യും സംസ്ഥാന സർക്കാരും ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയും നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ ബാധകമാണ്.

കൂടുതൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി

72 (855)ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവശ്യത്തിന് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സംസ്ഥാനത്തെ വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അന്യസംസ്ഥാനങ്ങളിൽ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കുന്നതിനായി കൂടുതൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഭാവിയിൽ ഈ രംഗത്ത് സ്വകാര്യ മേഖലയ്ക്ക് കൂടി പരിഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. നടപ്പു അദ്ധ്യയന വർഷം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 4 പുതിയ എഞ്ചിനീയറിംഗ് കോളേജുകളും ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജും സ്ഥാപിക്കാൻ തീരുമാനമായിട്ടുണ്ട്. കൂടാതെ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കീഴിലും സഹകരണ മേഖലയിലും ഓരോ എഞ്ചിനീയറിംഗ് കോളേജുകൾ പരിഗണനയിലുണ്ട്.

(ഡി) തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly